**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1163** **27-07-2021 - ൽ മറുപടിയ്ക്ക്**

**ബയോടെക്നോളജി വിഭാഗത്തിലെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്ന ബയോടെക്നോളജി വിഭാഗത്തിൽ നിലവിൽ എത്ര സ്ഥിരം അധ്യാപക തസ്തികകൾ ഉണ്ടെന്നും ഇവയിൽ എത്രയെണ്ണം ഗസ്റ്റ് തസ്തികകളാണെന്നും അറിയിക്കുമോ ; | (എ) | കേരള സർവകലാശാലയുടെ ബയോടെക്നോളജി വിഭാഗത്തിൽ നിലവിൽ രണ്ട് സ്ഥിരം അദ്ധ്യാപക തസ്തികകൾ ഉണ്ട് (അസ്സോസിയേറ്റ് പ്രൊഫസർ - 1, അസിസ്റ്റന്റ് പ്രൊഫസർ- 1) ബയോടെക്നോളജി വിഭാഗത്തിൽ സ്ഥിര അദ്ധ്യാപകർ ആരും തന്നെ ഇല്ലാത്തതിനാൽ, A©v കരാർ അദ്ധ്യാപികമാരും ഒരു ഗസ്റ്റ് അദ്ധ്യാപികയുമാണ് നിലവിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത് . |
| (ബി) | ഇവിടെ ബയോടെക്നോളജി വിഭാഗം പ്രവർത്തനം ആരംഭിച്ചത് ഏത് വർഷമാണെന്ന് അറിയിക്കുമോ; ബയോടെക്നോളജി വിഭാഗത്തിൽ യോഗ്യരായ അധ്യാപകർ ഇല്ലാത്തതിനാൽ ബോട്ടണി വിഭാഗത്തിൽ നിന്നുള്ള അധ്യാപകരെ ഡിപ്പാർട്ട്മെന്റ് മേധാവി പദവിയിൽ നിയമിക്കേണ്ട സാഹചര്യം സംജാതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേരള സർവകലാശാലയുടെ ബയോടെക്നോളജി വിഭാഗം പ്രവർത്തനം ആരംഭിച്ചത് 1995 ലാണ്. 17.02.2021 ൽ കൂടിയ സിൻഡിക്കേറ്റാണ് ബോട്ടണി വിഭാഗത്തിലെ പ്രൊഫെസ്സറായ ഡോ. എ. ഗംഗാ പ്രസാദിനെ ബയോടെക്നോളജി വിഭാഗം വകുപ്പ് മേധാവിയായി അധിക ചുമതല നൽകിയത് . |
| (സി) | ബയോ ടെക്നോളജി വിഭാഗത്തിൽ ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് സ്ഥിരനിയമനം നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ